# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 179 | 22.01.2014-ൽ മറുപടിക്ക്

## പൗരാവകാശരേഖ പ്രദർശിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ. എൻ.ജയരാജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സേവനാവകാശനിയമം നിലവിൽ വന്നതിനുശേഷം പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും എത്രത്തോളം മെച്ചപ്പെട്ടുവെന്ന് അവലോകനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഇല്ല. എന്നാൽ കേരള സംസ്ഥാന സേവനാവകാശനിയമം, 2012 ന്റെ ശരിയായ നടത്തിപ്പിലേയ്ക്ക് എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സേവനാവകാശ ചട്ടം 6 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയുന്നതിലേയ്ക്കും ടി നിയമവും ചട്ടങ്ങളും എല്ലാ ഓഫീസുകളും സ്ഥാപനങ്ങളും പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിലേയ്ക്കുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സേവനാവകാശനിയമപ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ബന്ധപ്പെട്ട ഓഫീസുകളുടെ മുന്നിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ പാലിക്കപ്പെടുന്നുണ്ടോ ; വിശദമാക്കാമോ ? | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരമുള്ള വിശദാംശങ്ങൾ പൗരാവകാശ രേഖയിൽ പ്രതിപാദിക്കുന്നില്ല. പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് വിജ്ഞാപനങ്ങളിലും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലും ടി നിയമപ്രകാരം ലഭിക്കുന്ന സേവനങ്ങളും നടപടിക്രമങ്ങളും പ്രതിപാദിക്കുന്നു. ടി ചട്ടം 6 പ്രകാരം എല്ലാ സർക്കാർ |

ഓഫീസുകളുടെയും / സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ട രേഖകളെ പ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. ഇക്കാര്യ ത്തിലേയ്ക്ക് എല്ലാ സർക്കാർ ഓഫീസു കൾക്കും/സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാന ത്തിൽ മിക്ക വകുപ്പുകളും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ